**നമോ ധർമ്മായ മഹതേ നമ: കൃഷ്ണായ വേധസേ**
**ബ്രാഹ്മണേഭ്യോ നമസ്കൃത്യ ധർമ്മാൻ വക്ഷ്യേ സനാതനാൻ (12-12-1)**
**ഏതദ്വ: കഥിതം വിപ്രാ വിഷ്ണോശ്ചരിതമദ്ഭുതം**
**ഭവദ്ഭിര്യദഹം പൃഷ്ടോ നരാണാം പുരുഷോചിതം (12-12-2)**
**അത്ര സങ്കീർത്തിത: സാക്ഷാത് സർവ്വപാപഹരോഹരി:**
**നാരായണോ ഋഷീകേശോ ഭഗവാൻ സാത്വതാം പതി: (12-12-3)**
**അത്ര ബ്രഹ്മ പരം ഗുഹ്യം ജഗത: പ്രഭവാപ്യയം**
**ജ്ഞാനം ച തദുപാഖ്യാനം പ്രോക്തം വിജ്ഞാന സംയുതം (12-12-4)**
**ഭക്തിയോഗ: സമാഖ്യാതോ വൈരാഗ്യം ച തദാശ്രയം**
**പാരീക്ഷിതമുപാഖ്യാനം നാരദാഖ്യാനമേവ ച. (12-12-5)**

*സൂതൻ പറഞ്ഞു:*
ഞാൻ ധർമ്മത്തെ നമസ്ക്കരിക്കുന്നു. ഞാൻ കൃഷ്ണനെ നമസ്ക്കരിക്കുന്നു. ഞാൻ മഹാത്മാക്കളെ നമസ്ക്കരിക്കുന്നു. ഞാൻ നിങ്ങളോട് ഭഗവാൻ വിഷ്ണുവിൻെറ കഥ പറഞ്ഞുതന്നു. നിങ്ങൾ അഭ്യർത്ഥിച്ചിട്ടു പറഞ്ഞതാണെങ്കിലും അതുത്തമം തന്നെയായി. ഇതിൽ ഭഗവാൻെറ മഹിമയാണ് ഞാൻ വർണ്ണിച്ചത്. ഇതിൽ അനന്തസത്വത്തിനെയും അതിൻെറ വിജ്ഞാനത്തെയും പ്രതിപാദിച്ചിരിക്കുന്നു. മാത്രമല്ലാ, നേരിട്ട് അതിനെ സാക്ഷാത്ക്കരിക്കുന്നതിനെപ്പറ്റിയും വിവരണമുണ്ടല്ലോ. ഇതിൽ ഭക്തിയോഗത്തെപ്പറ്റിയും വൈരാഗ്യത്തെപ്പറ്റിയും പ്രതിപാദിച്ചു. നാം പരീക്ഷിത്തിൻെറ കഥയും അദ്ദേഹത്തിൻെറ ശാപത്തെപ്പറ്റിയും പറഞ്ഞു. വിദുരനും ഉത്ഥവനും തമ്മിലുള്ളതും വിദുരനും മൈത്രേയനും തമ്മിലുമുള്ള സംഭാഷണങ്ങൾ നാം കേട്ടു. ഇതിനെത്തുടർന്ന് സൃഷ്ടിയെപ്പറ്റിയും രൂപപരിണാമങ്ങളെപ്പറ്റിയും കാലത്തിനെപ്പറ്റിയും വിവരിച്ചു.

ഭഗവാൻ കപിലമുനിയായവതരിച്ചതിനെക്കുറിച്ചുള്ള പരിപൂർണ്ണ വിവരണം, കപിലമുനി തൻെറ അമ്മയായ ദേവഹൂതിക്കു നൽകിയ നിർദ്ദേശങ്ങൾ - ഇതിൽ അത്യുന്നതങ്ങളായ വിജ്ഞാനശകലങ്ങളുണ്ട്- എന്നിവ നാം മനസ്സിലാക്കി. ഭഗവാൻെറ മറ്റ് അവതാരങ്ങളെക്കുറിച്ചും പിന്നീട് വിശദീകരിച്ചു. അജാമിളൻെറ കഥ, ദക്ഷനെയും അദ്ദേഹത്തിൻെറ പെൺകുട്ടികളെയും പറ്റി, അവരിൽ നിന്ന് പലേതരം ജീവികൾ ഉത്ഭവിച്ച തിനെപ്പറ്റി, എല്ലാം വിശദമായി പറയുകയുണ്ടായി. പലേ രാജകുലങ്ങളെപ്പറ്റിയും, മന്വന്തരങ്ങളെപ്പറ്റിയും, സൂര്യവംശത്തെപ്പറ്റിയും, ചന്ദ്രവംശത്തെപ്പറ്റിയും, സംക്ഷിപ്തമായി വിവരിച്ചു. ഭഗവാൻ കൃഷ്ണനായിപ്പിറന്നത് ചന്ദ്രവംശത്തിലാണല്ലോ.

ഭഗവാൻ കൃഷ്ണൻെറ ബാല്യകാലലീലകൾ നിങ്ങൾ കേട്ടു. അദ്ദേഹത്തിൻെറ ഇഹലോകദിവ്യവാസ ത്തിനിടയ്ക്കു ചെയ്ത അത്യത്ഭുതമഹത്കൃത്യങ്ങളും നിങ്ങൾക്കായി പറഞ്ഞുതന്നു. അദ്ദേഹം വെറുമൊരുലീലയെന്ന മട്ടിൽ ഭൂലോകത്തിലെ ദുഷ്ടരെ വകവരുത്തിയതെങ്ങിനെയെന്നും നിങ്ങൾക്കറിയാം. മാത്രമല്ലാ ആരെല്ലാം ആ ഭഗവാനെ പ്രേമംകൊണ്ടോ, ഭക്തികൊണ്ടോ, പേടികൊണ്ടോ, വെറുപ്പുകൊണ്ടോ സദാ സ്മരിച്ചുവോ അവർക്കെല്ലാം സായൂജ്യപദം ലഭിച്ചകഥകളും പറഞ്ഞുകഴിഞ്ഞു. സ്വയം തൻെറ ഗോത്രത്തിന് നാശം വരുത്താനിടയാക്കിയ കഥയും ഉത്ഥവനോട് അത്യുന്നത ജ്ഞാനോപദേശം നൽകിയതും ഇഹലോകവാസം വെടിഞ്ഞതുമായ കാര്യങ്ങൾ ഞാൻ വിവരിക്കുകയുണ്ടായി. അവസാനമായി പരീക്ഷിത്ത് രാജാവ് എങ്ങിനെയാണ് സ്വശരീരമുപേക്ഷിച്ച് പരമപദം പൂകിയതെന്നും നിങ്ങൾ കേട്ടു.

ആരൊരുവൻ "ഹരയേനമ:" എന്ന് അറിയാതെപോലും ജപിച്ചുവെന്നാൽ അയാൾക്ക് മോക്ഷം ലഭിക്കും. ഇഹലോകത്തിൽ നമുക്ക് ചെയ്യാൻ കൊള്ളാവുന്ന ഏകജോലി ഭഗവൽകഥാകഥനവും മഹിമാകീർത്തനവും മാത്രമത്രേ. നിങ്ങൾ എല്ലാവരും ഭഗവാനിൽ പരമഭക്തിയുള്ളവരാകയാൽ അനുഗ്രഹീതരത്രെ. നിങ്ങൾക്ക് ഈ പരമഭാഗവതപുരാണം പറഞ്ഞു തരാനവസരം കിട്ടിയതിൽ ഞാനും വളരെ അനുഗ്രഹീതനാണ്. ഈ പുരാണം കേൾക്കുകയോ വായിക്കുകയോ ചെയ്യുന്നയാളുടെ പാപങ്ങളെല്ലാം ക്ഷണനേരം കൊണ്ട് ഇല്ലാതാവുന്നതാണ്.